# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6295 08.07.2014-ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികളിൽ വ്യാപകമായി വരുന്ന മയക്കമരുന്ന് ഉപയോഗം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) സ്കൂൾ കുട്ടികളിൽ വ്യാപകമായി വരുന്ന മയക്കമരുന്ന ഉപയോഗം സംബന്ധിച്ച പത്ര - മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;<br><br>ബി) ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദ വിവരം നൽകുമോ ; | (എ) & (ബി)<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ കുട്ടികൾ മയക്കമരുന്ന് ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) കുട്ടികൾക്ക് മയക്കമരുന്ന് എത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; | (സി) സ്കൂൾ കുട്ടികൾക്ക് മയക്കമരുന്ന് എത്തിയ്ക്കുന്നവർക്കെതിരെ ജാഗ്രത പുലർത്തുന്നതിനും വിദ്യാർത്ഥികളെ മയക്കമരുന്ന് മാഫിയ വലയിലാക്കുന്നത് തടയുന്നതിനുമായി ജനമൈത്രി പോലീസ്, ജാഗ്രതാ സമിതികൾ, പി.ടി.എ., എസ്. പി. സി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്.പി.ജി), റസിഡൻസ് അസോസിയേഷൻ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ആളുകളെ സ്കൂൾ പരിസരങ്ങളിൽ കണ്ടെത്തിയാൽ വിവരം അറിയിക്കാൻ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. നാർക്കോട്ടിക് സെൽ/ഷാഡോ പോലീസ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സ്പെഷ്യൽ ഡ്രൈവ് നടത്തിയും പോലീസ് സ്റ്റേഷനുകളിൽ സ്പെഷ്യൽ ടീമുകൾ രൂപീകരിച്ചും ഇത്തരം ഉല്പന്നങ്ങളുടെ വില്പനയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേക അന്വേഷണത്തിനായി മഫ്ടിയിലും അല്ലാതെയും പോലീസിനെ നിയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ പിടികൂടാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകളും റെയ്ഡുകളും നടത്തി ലഹരി വസ്തുക്കളുടെ വില്പന നടത്തുന്നവരെ കണ്ടെത്തി കേസുകൾ എടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ - കോളേജ് വിദ്യാർത്ഥികളെ മയക്ക മരുന്നിന്റെ |

| | |
|---|---|
| | ദൂഷ്യ വശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ഇതിനെതിരെ ജാഗ്രത പുലർത്തുന്നതിനും വേണ്ടി സംസ്ഥാനത്ത് ആഭ്യന്തര, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ ' ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' എന്ന ഒരു പദ്ധതിക്ക് ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബോധവത്ക്കരണ പരിപാടികൾക്കു പുറമെ സ്കൂൾ കോളേജ് പരിസരങ്ങളിലെ കടകളിലും മറ്റും പോലീസ് റെയ്ഡുകൾ നടത്തി പുകയില ഉല്പന്നങ്ങളും പാൻ മസാലകളും മറ്റു മയക്ക മരുന്ന് ഉല്പന്നങ്ങളും പിടിച്ചെടുക്കുകയും നിയമാനുസൃതമായ നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ വിശദമായി അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (ഡി) മയക്കമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട ഓരോ കേസിലും വിശദമായ അന്വേഷണമാണ് നടത്തുന്നത്. കേസന്വേഷണത്തിന്റെ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ